بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ജുമുഅഃ ഖുത്ബ സംഗ്രഹം 15.04.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 16

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

കഴിഞ്ഞ ഖുത്ബക്ക് മുമ്പുള്ള ഖുത്ബയിൽ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) മുർത്തദീങ്ങൾക്കെതിരെയെടുത്ത നടപടികളെക്കുറിച്ചായിരുന്നു പരാമർശിച്ചിട്ടുണ്ടായിരുന്നത്. വിവരിച്ച വ്യത്യസ്ത ഉദ്ധരണികളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്, ഹദ്റത് അബൂബക്കർ(റ) ശിക്ഷ കൊടുത്തത് അവരുടെ മതനിരാസം കാരണം അല്ലായിരുന്നു എന്നും മറിച്ച് കലാപവും യുദ്ധവും കാരണമായിരുന്നു എന്നാണ്. ഇത് സംബന്ധിച്ച് കാലഘട്ടത്തിന്റെ നീതിമാനായ വിധികർത്താവ് ഹദ്റത് മസീഹ് മൗഊദ്(അ)ഉം ഈ മതനിരാസത്തെ ധിക്കാരവും കലാപവുമായിട്ടാണ് വ്യഖ്യാനിച്ചിട്ടുള്ളത്. അദ്ദേഹം പറയുന്നു: നബി തിരുമേനി(സ) വഫാത്തായപ്പോൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുംമേൽ പ്രായസങ്ങൾ വന്നുഭവിക്കുകയുണ്ടായി. നിരവധി മുനാഫിഖീങ്ങൾ മുർത്തദ്ദായി. ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ ഒരു സംഘം നുബുവ്വത്ത് വാദിച്ചു തുടങ്ങി. മുസൈലിമ കദ്ദാബിന്റെ കൂടെ ഒരു ലക്ഷത്തോളം വിവരദോഷികളും ദുസ്സ്വഭാവികളും ചേരുകയുണ്ടായി. ഫിത്ന പൊട്ടിപ്പുറപ്പെട്ടു. വിശ്വാസികൾക്കുമേൽ (പരീക്ഷണത്തിന്റെ) ശക്തമായ ഭൂകമ്പം ഉണ്ടായി. ആ സമയത്താണ് അബൂബക്കർ(റ) ഖലീഫയാക്കപ്പെട്ടത്.

ഹദ്റത് ആയിശ(റ) പറയുന്നു: എന്റെ പിതാവ് ഖലീഫയാക്കപ്പെട്ട ആദ്യ സമയത്തുതന്നെ എല്ലാതരം ഫിത്നകളുടെ തിരമാലകളും വ്യാജനുബുവ്വത്ത്‌വാദികളുടെ അശ്രാന്ത പരിശ്രമങ്ങളും മുർത്തദ്ദായ മുനാഫിഖീങ്ങളുടെ കലാപങ്ങളും കാണുകയുണ്ടായി. ഒരു പർവതത്തിനുമേൽ പതിച്ചിരുന്നുവെങ്കിൽ തീർച്ചയായും അത് നിരപ്പായ ഭൂമിപോലെ തുണ്ടംതുണ്ടമാക്കപ്പെടുകയും ചെയ്യുമായിരുന്ന അത്ര പ്രയാസങ്ങൾ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. എന്നാൽ അദ്ദേഹത്തിന് പ്രവാചകന്മാരുടേതുപോലുള്ള ക്ഷമ നൽകപ്പെടുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ സഹായമെത്തുകയും കള്ള പ്രാവാചകൻ കൊല്ലപ്പെടുകയും മുർത്തദ്ദീങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഫിത്നകൾ അകറ്റപ്പെട്ടു. അല്ലാഹു വിശ്വാസികളെ ആപത്തുകളിൽ നിന്ന് രക്ഷിച്ചുകൊണ്ട് അവരുടെ ഭയം സമാധാനത്തിലേക്ക് മാറ്റപ്പെട്ടു. അവരുടെ ദീനിനെ പ്രബലമാക്കി. ഒരു ലോകത്തെ തന്നെ സത്യത്തിൽ നിലനിർത്തി. കുഴപ്പക്കാരുടെ മുഖങ്ങളെ കരുവാളിപ്പിച്ചു. തന്റെ വാഗ്ദാനം പൂർത്തിയാക്കി. ഈ പ്രയാസങ്ങൾക്കുശേഷം വിശ്വാസികളുടെ ഹൃദയങ്ങൾ പ്രകാശമാനവും മുഖങ്ങൾ പ്രസന്നവുമാകുകയുണ്ടായി. അവർ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)നെ ഒരു പരിശുദ്ധ വ്യക്തിത്വമായും നബിമാരെപ്പോലെ സഹായം ലഭിക്കുന്നയാളാണെന്നും മനസ്സിലാക്കിയിരുന്നു. ഇതെല്ലം സംഭവിച്ചത് ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ സത്യസന്ധതയും ആഴത്തിലുള്ള ദൃഢജ്ഞാനവും കാരണമായിരുന്നു.

കലാപത്തെ അടിച്ചമർത്താൻ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) സൈന്യത്തെ വിഭജിക്കുകയും 11 സൈന്യാധിപന്മാരെ ഇസ്‌ലാമിക പതാകകളുമായി വിവിധ പ്രദേശങ്ങളിലേക്ക് അയക്കുകയും ചെയ്തു. ഖാലിദ് ഇബ്നു വലീദിനെ തുലൈഹ ബിൻ ഖുവൈലിദിന്റെയും ബത്താഹ് മാലിക് ഇബ്നു നുവൈറയുടെയും അടുക്കലേക്കും, ഹദ്റത് ഇക്‌രിമ ബിൻ അബൂ ജഹലിനെ മുസൈലിമയെ നേരിടാനും, ഹദ്റത് മുഹാജിർ ബിൻ അബുഉമയ്യയെ അൻസിയുടെ സൈന്യത്തെയും ഖൈസ് ബിൻമക്ശൂഹിനെയും കൻദയേയും നേരിടാനും, ഖാലിദ് ഇബ്നു സഈദ് ഇബ്നു ആസിനെ ഹംകത്തീനിലേക്കും, ഹദ്റത് അംറ് ബിൻ ആസിനെ കദാഅ വദീഅ ഹാരിസ് എന്നിവരുടെ സംഘങ്ങളെ നേരിടാനും, ഹദ്റത് ഹുദൈഫ ബിൻ മഹ്സിൻ ഗൽഫാനിയെ ദബാഅ വംശജരുടെ അടുക്കലേക്കും, ഹദ്റത് അർഫജ ഹർസമയെ മുഹർറയിലേക്കും, ശർജബീൽ ബിൻ ഹസനയെ യമാമയിലേക്കും ഖദാഅയിലേക്കും, ഹദ്റത് ത്വരീഫ ബിൻ ഹാജിസിനെ ബനൂ സുലൈമയിലേക്കും ഹവാസിലേക്കും, ഹദ്റത് സുവൈദ് ബിൻ മുഖർനിനെ തഹാമയിലേക്കും, ഹദ്റത് അലാഅ് ബിൻ ഹസ്‌റമിയെ ബഹ്റൈനിലേക്കും പോയി നേരിടാൻ കൽപ്പന നൽകി.

നിങ്ങൾ പോകുന്നിടത്തു നിന്നെല്ലാം അവിടെയുള്ള ശക്തരായ മുസ്‌ലിംകളെ കൂടെ കൂട്ടുകയെന്നും ഏതാനും ശക്തരായ ആളുകളെ അതാത് സ്ഥലത്തു തന്നെ അവരുടെ നാടിന്റെ സംരക്ഷണത്തിനുവേണ്ടി നിർത്തുകയും ചെയ്യാൻ ഹദ്റത് അബൂബക്കർ(റ) ഓരോ സൈന്യത്തിന്റെ അമീർമാർക്കും ആജ്ഞ നൽകി.

ഹദ്റത് അബൂബക്കർ(റ)ന്റെ ഈ ക്രമീകരണത്തെ പരാമർശിച്ചുകൊണ്ട് ഒരു ഗ്രന്ഥകാരൻ എഴുതുന്നു, ഈ പദ്ധതിയിൽ ദുൽഖിസ്സ സൈനീക കേന്ദ്രമായി പ്രഖ്യാപിച്ചു. ഇവിടെ നിന്ന് സുസംഘടിതരായ ഇസ്‌ലാമിക സൈന്യങ്ങൾ മതനിരാസത്തിന്റെ ആഹ്വാനത്തെ ഇല്ലാതാക്കാൻ വിവിധ നാടുകളിലേക്ക് പുറപ്പെട്ടു. സൈന്യക്രമീകരണത്തിൽ നിന്നും അവയുടെ സ്ഥല നിർണയത്തിൽ നിന്നും വ്യക്തമാകുന്നത്, അബൂബക്കർ(റ) ഭൂമിശാസ്ത്രപരമായി കൂടുതൽ അറിവുള്ളയാളായിരുന്നുവെന്നും ജനവാസമുള്ള സ്ഥലങ്ങളെയും അറേബ്യൻ ദ്വീപിലെ വഴികളെയും കുറിച്ച് നല്ലപോലെ അറിയുകയും ചെയ്തിരുന്നു എന്നുമാണ്. സൈന്യവുമായി ബന്ധപ്പെടുക എന്നതും വളരെ സങ്കീർണമായിരുന്നു. (എന്നിട്ടും യുദ്ധമൈദാനത്തു നിന്നുമുള്ള വാർത്തകൾ കൃത്യമായി അബൂബക്കർ(റ)ന് എത്തിയിരുന്നു.) അബൂബക്കർ(റ) പറഞ്ഞയച്ച സൈന്യങ്ങളെല്ലാം പരസ്പരം ബന്ധിതമായിരുന്നു. ഇത് ഖിലാഫത്തിന്റെ പ്രധാന വിജയങ്ങളിൽ പെട്ടതാണ്. മുർത്തദ്ദീങ്ങൾ അപ്പോഴും തങ്ങളുടെ പ്രദേശങ്ങളിൽ വെവ്വേറെയായി (ചിതറിക്കിടക്കുകയായി)രുന്നു. അവർ കരുതിയത് ഏതാനും മാസങ്ങൾകൊണ്ട് എല്ലാ മുസ്‌ലിംകളെയും തുടച്ച് നീക്കാമെന്നാണ്. അതുകൊണ്ടുതന്നെ ഹദ്റത് അബൂബക്കർ(റ) ആഗ്രഹിച്ചത്, ത്വരിതഗതിയിൽ അവരുടെ പ്രതാപവും ശക്തിയും ഇല്ലാതാക്കണമെന്നാണ്. അബൂബക്കർ(റ) അവരുടെ ഫിത്ന വർധിക്കുന്നതിനു മുമ്പേ അവരെ പറ്റി മനസ്സിലാക്കിക്കൊണ്ട് അവർക്ക് തലയുയർത്താനോ മുസ്‌ലിംകൾക്ക് പ്രയാസം ഉണ്ടാക്കാനോ അവസരം നൽകിയില്ല.

ഹദ്റത് അബൂബക്കർ(റ)ന്റെ ഭാഗത്തുനിന്ന് സൈന്യാധിപന്മാരെ നിയമിച്ചതുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളെ പരാമർശിച്ചുകൊണ്ട് മറ്റൊരു ഗ്രന്ഥകാരനായ ഡോക്ടർ അലി മുഹമ്മദ് സ്വലാബി എഴുതുന്നു, സിദ്ധീഖ് അക്ബർ ഖിലാഫത്തിന്റെ തലസ്ഥാനമായ മദീനയുടെ സംരക്ഷണത്തിനുവേണ്ടി സൈന്യത്തിന്റെ ഒരു ഭാഗത്തെ തന്റെ പക്കൽ നിർത്തുകയും ഭരണ കാര്യങ്ങളിൽ കൂടിയാലോചനക്കുവേണ്ടി മുതിർന്ന സ്വഹാബാക്കളുടെ ഒരു സംഘത്തെ തന്റെ കൂടെ വെക്കുകയും ചെയ്തു. അതിന് അദ്ദേഹം സൈന്യാധിപന്മാർക്ക് നൽകിയ കൽപന, അവിടെയുള്ള ബലവാന്മാരെ തങ്ങളുടെ കൂടെ കൂട്ടുകയും ആ പ്രദേശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കുറച്ച് ആളുകളെ നിശ്ചയിക്കുകയും ചെയ്യുക എന്നതായിരുന്നു. മുർത്തദ്ദീങ്ങളുമായുള്ള യുദ്ധത്തിൽ ഹദ്റത് അബൂബക്കർ(റ) *അൽഹർബു ഖുദ്അഃ* യുദ്ധം ഒരു തന്ത്രമാകുന്നു എന്ന തത്വമാണ് സ്വീകരിച്ചത്. സൈന്യത്തിന്റെ പരിധികൾ കുറച്ച് വെളിപ്പെടുത്തി. വാസ്തവത്തിൽ ലക്ഷ്യം മറ്റൊന്നായിരുന്നു. (പദ്ധതി വെളിപ്പെടാതിരിക്കാൻ വളരെ കരുതലോടു കൂടിയ നിലപാടാണ് സ്വീകരിച്ചത്.) ഇങ്ങനെ അബൂബക്കർ(റ)ന്റെ നേതൃത്വത്തിൽ രാഷ്ട്രീയ നൈപുണ്യവും വൈജ്ഞാനിക അനുഭവവും ആഴത്തിലുള്ള അറിവും ദൈവീക വിജയങ്ങളും സഹായവും പ്രത്യേകം പ്രകടമാകുന്നു. ഈ സന്ദർഭത്തിൽ ഹദ്റത് അബൂബക്കർ(റ) അറബി ഗോത്രങ്ങളുടെ പേരിലും സൈനീക നേതാക്കന്മാരുടെ പേരിലും രണ്ടു വിളംബരങ്ങൾ എഴുതുകയുണ്ടായി.

ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ സിർറുൽ ഖിലാഫഃ എന്ന ഗ്രന്ഥത്തിൽ ഈ കത്തിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു: (മുർത്തദ്ദീങ്ങളായ അറബ് ഗോത്രങ്ങൾക്ക്) സിദ്ധീഖുൽ അക്ബർ എഴുതിയ കത്ത് ഇവിടെ ചേർക്കുന്നത് ഉചിതമാണെന്നു നാം കരുതുന്നു; അങ്ങനെ ഈ കത്തിനെ കുറിച്ച് മനസ്സിലാകുമ്പോൾ സിദ്ധീഖുൽ അക്ബർ ഇസ്‌ലാമിക ചിഹ്നങ്ങൾ നടപ്പാക്കാനും തിരുനബി(സ)യുടെ എല്ലാ നടപടിക്രമങ്ങളെയും സംരക്ഷിക്കാനും സുശക്തമായി നിലകൊള്ളുന്നത് കാണുമ്പോൾ ഈമാനും ഉൾക്കാഴ്ചയും വർധിക്കുന്നതാണ്.

ഈ കത്ത് റസൂൽ(സ)ന്റെ ഖലീഫയായ അബൂബക്കർ എല്ലാ പ്രധാനികൾക്കും സാധാരണക്കാരിലേക്കും അയക്കുന്നതാണ്... ഓർക്കുക അല്ലാഹു മുഹമ്മദ് റസൂൽ(സ)നെ തന്റെ ഭാഗത്തുനിന്ന് സത്യവുമായി തന്റെ സൃഷ്ടികളിലേക്ക് സുവാർത്ത നൽകുന്നവനും താക്കീതു നൽകുന്നവനും അല്ലാഹുവിന്റെ കൽപ്പനകളിലേക്കു വിളിക്കുന്നവനും പ്രകാശപൂരിതമാക്കുന്ന സൂര്യനെ പോലെയുമാണ് അയച്ചിരിക്കുന്നത്; അങ്ങനെ നബി(സ) ജീവനുള്ളവരെ താക്കീത് ചെയ്യുന്നതിനും നിഷേധികൾക്കുമേൽ ദൈവീക കൽപന പുലരുന്നതിനുംവേണ്ടി. നബി(സ)നെ വിശ്വസിച്ചവർക്ക് സത്യത്തിലേക്ക് സന്മാർഗം നൽകിയിരിക്കുന്നു. നബി(സ)യിൽനിന്ന് മുഖം തിരിച്ചവർക്കെതിരിൽ നബി(സ) അവർ സന്തോഷത്തോടെയോ അനിഷ്ടം പ്രകടിപ്പിച്ചുകൊണ്ടോ ഇസ്‌ലാമിലേക്കു വരുന്നതുവരെ യുദ്ധം ചെയ്തു. നബി(സ) അല്ലാഹുവിന്റെ കൽപന നടപ്പിൽ വരുത്തി. ഉമ്മത്തിന്റെ നന്മ ആഗ്രഹിച്ചു. തന്റെ ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കി. അല്ലാഹു തിരുനബിക്കും മുസ്‌ലിം ലോകത്തിനും ഇറക്കിയ വിശുദ്ധ ഖുർആനിൽ കാര്യങ്ങൾ വിശദമായി വിവരിക്കുകയും ചെയ്തു. പിന്നെ നബി(സ) വഫാത്തായി... ഞാൻ നിങ്ങൾക്ക് അല്ലാഹുവിന്റെ തഖ്‌വയെയും, അല്ലാഹു നിങ്ങൾക്ക്

വേണ്ടി നിശ്ചയിച്ചു തന്നിട്ടുള്ള നൻമയേയും നിങ്ങളുടെ നബി നിങ്ങൾക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള അധ്യാപനങ്ങളേയും പ്രാവർത്തികമാക്കാൻ ആവർത്തിച്ച് ഉപദേശിക്കുകയാണ്. അതായത് നിങ്ങൾ നബി(സ)യുടെ മാർഗദർശനത്തിൽ നിന്ന് മാർഗദർശനം നേടുകയും അല്ലാഹുവിന്റെ ദീനിനെ മുറുകെ പിടിക്കുകയും ചെയ്യുക. കാരണം അല്ലാഹു സന്മാർഗം നല്കാത്തവൻ വഴി കേടിലാകുന്നു, അവൻ സംരക്ഷണം നൽകാത്തവൻ പരീക്ഷണങ്ങളിൽ അകപ്പെടുന്നതാണ്, അവൻ സഹായിക്കാത്തവർക്ക് സഹായിയായി ആരും ഉണ്ടാകുന്നതല്ല. അല്ലാഹു സന്മാർഗം നൽകിയവർ മാത്രമാണ് സന്മാർഗത്തിലുള്ളവർ. അവൻ ദുർമാർഗത്തിൽ ആണെന്ന് വിധിച്ചവൻ ദുർമാർഗത്തിലാകുന്നു...

ഇസ്‌ലാം മതത്തെ അംഗീകരിക്കുന്നതുവരെ ഒരാളുടെ ഒരു കർമവും അവൻ സ്വീകരിക്കപ്പെടുന്നതല്ല. മാത്രമല്ല അന്ത്യനാളിൽ അവനിൽ നിന്ന് യാതൊരു പരിഹാരവും സ്വീകരിക്കപ്പെടുന്നതുമല്ല. നിങ്ങളിൽ ചിലർ ഇസ്‌ലാം സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തതിനുശേഷം അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ട് അവന്റെ കാര്യത്തിൽ വിവരക്കേട് കാണിച്ചുകൊണ്ട് ശൈത്താന്റെ കാര്യങ്ങളെ അംഗീകരിക്കുകയും ദീനിൽ നിന്ന് പുറത്തുപോവുകയും ചെയ്തതായി എനിക്കറിയാൻ കഴിഞ്ഞിരിക്കുന്നു... ഞാൻ മുഹാജിറുകളുടേയും അൻസാറുകളുടെയും സത്കർമങ്ങൾ പിന്തുടരുന്ന താബിഈങ്ങളുടെയും സൈന്യത്തിൽ ഇന്ന വ്യക്തിയെ നിയോഗിച്ചുകൊണ്ട് നിങ്ങളിലേക്ക് അയക്കുകയും, അല്ലാഹുവിന്റെ സന്ദേശത്തിലേക്ക് വിളിക്കുന്നതിനുമുമ്പേ ആരുമായും യുദ്ധം ചെയ്യുകയോ ആരെയും വധിക്കുകയോ ചെയ്യരുത് എന്ന് ഞാൻ അവർക്ക് കൽപ്പന നൽകുകയും ചെയ്തിട്ടുണ്ട്. പിന്നെ ഈ സന്ദേശം സ്വീകരിക്കുകയും അംഗീകരിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുകയാണെങ്കിൽ അയാളെ സ്വീകരിക്കുക. അക്കാര്യത്തിൽ അയാളെ സഹായിക്കുകയും ചെയ്യുക. നിഷേധിക്കുന്നവരെ സംബന്ധിച്ച് ഞാൻ അദ്ദേഹത്തിന് നൽകിയ ആജ്ഞ, ഈ കാര്യങ്ങളിൽ അയാളുമായി യുദ്ധം ചെയ്യുക. പിടികൂടുന്ന ഒരുത്തനെയും ബാക്കിയാക്കരുത്; അയാളെ തീയിലിടേണ്ടിവന്നാലും ശരി. എല്ലാ നിലക്കും അയാളെ വധിക്കണം. സ്ത്രീകളെയും കുട്ടികളെയും ബന്ദികളാക്കുക. ഇസ്‌ലാമിൽ കുറഞ്ഞ ഒന്നും അവരിൽ നിന്ന് സ്വീകരിക്കേണ്ടതില്ല. ഇത് അനുസരിക്കുകയാണെങ്കിൽ അയാൾക്ക് നല്ലത്. എന്നാൽ നിഷേധിക്കുകയാണെങ്കിൽ അല്ലാഹുവിനെ നിന്ദ്യനാക്കാൻ സാധ്യമല്ല. എന്റെ ഈ കത്ത് നിങ്ങളുടെ എല്ലാ കൂട്ടങ്ങൾക്കിടയിലും കേൾപ്പിക്കേണ്ടതാണെന്ന് ഞാൻ എന്റെ സന്ദേശവാഹകന് ആജ്ഞ നൽകി. ബാങ്ക് തന്നെയാണ് ഇസ്‌ലാമിനെ കുറിച്ചുള്ള വിളംബരം. മുസ്‌ലിംകൾ ബാങ്ക് കൊടുക്കുമ്പോൾ അവരും ബാങ്ക് കൊടുക്കേണ്ടതാണ്. അവർക്കെതിരിലുള്ള ആക്രമണം നിർത്തുന്നതാണ്. അവർ ബാങ്ക് കൊടുക്കുന്നില്ലെങ്കിൽ അവർക്കുമേൽ എത്രയും വേഗം ആക്രമണം നടത്തുക. അവർ ബാങ്ക് കൊടു ക്കുകയാണെങ്കിൽ അവർക്കുമേലുള്ള ഉത്തരവാദിത്വങ്ങളെ അവരോട് ആവശ്യപ്പെടുക. അവർ നിഷേധിക്കുകയാണെങ്കിൽ എത്രയും വേഗം അവർക്കുമേൽ ആക്രമണം നടത്തുക. അവർ അംഗീകരിക്കുകയാണെങ്കിൽ അവരെ സ്വീകരിക്കുകയും ചെയ്യുക.

രണ്ടാമത്തെ കത്ത് ഹദ്റത് അബൂബക്കർ(റ) പതിനൊന്നു സൈനീക നേതാക്കന്മാർക്കാണ് അയച്ചത്. അതിൽ അദ്ദേഹം ഒരോ അമീറിനും ആവർത്തിച്ച് കൽപന നൽകിയത്, അവർ എല്ലാ കാര്യത്തിലും അകത്തും പുറത്തും അല്ലാഹുവിനോടുള്ള തഖ്‌വ അവലംബിക്കേണ്ടതാണ്, അയാൾക്ക് കഴിവുള്ളിടത്തോളം അല്ലാഹുവിന്റെ എല്ലാ കാര്യത്തിലും പരിശ്രമിക്കുകയും, അല്ലാഹുവിൽ നിന്നു പുറം തിരിയുകയും ഇസ്‌ലാമിൽ നിന്നു പിന്തിരിഞ്ഞ് ശൈത്താന്റെ ആഗ്രഹങ്ങളെ സ്വീകരിക്കുകയും ചെയ്തവർക്കെതിരിൽ ജിഹാദ് ചെയ്യുകയും വേണം. ആദ്യം അവരെ ഇസ്‌ലാമിലേക്കു ക്ഷണിച്ചുകൊണ്ട് ന്യായപൂർത്തി വരുത്തുക. അവർ അത് സ്വീകരിക്കുകയാണെങ്കിൽ അവരോടുള്ള യുദ്ധത്തിൽനിന്ന് പിന്മാറുക. അവർ സ്വീകരിക്കുന്നില്ലെങ്കിൽ അവർ പിന്തിരിയുന്നതുവരെയും അവരോട് ഉടൻ തന്നെ യുദ്ധം ചെയ്യുക. അവരുടെ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ച് പറഞ്ഞുകൊടുക്കുകയും അവർക്ക് നിർബന്ധമാക്കപ്പെട്ടത് അവരിൽനിന്നും ഈടാക്കുകയും അവരുടെ അവകാശങ്ങൾ അവർക്കു കൊടുക്കുകയും ചെയ്യുക. നിഷേധിക്കുന്നവർക്കെതിരിൽ യുദ്ധം ചെയ്യേണ്ടതാണ്. അവർക്കുമേൽ വിജയം വരിച്ചാൽ ആയുധം കൊണ്ടും തീ കൊണ്ടും അവരെ വധിക്കുന്നതാണ്.

ഡോക്ടർ അലി മുഹമ്മദ് സ്വലാബി എഴുതുന്നു: ഈ കത്തിൽ പരാമർശിക്കുന്നത്, മുർത്തദ്ദീങ്ങളെയും കലാപകാരികളെയും അഗ്നിക്കിരയാക്കുക എന്നാണ്. ആരെയും തീ കൊണ്ട് ശിക്ഷിക്കാൻ ഒരാൾക്കും അനുവാദമില്ല. തീ മുഖേന ശിക്ഷിക്കുന്നത് അല്ലാഹു മാത്രമാകുന്നു. എന്നാൽ ഇവിടെ കത്തിക്കുന്നതിനുള്ള കൽപന നൽകാൻ കാരണം ആ വിദ്രോഹികൾ വിശ്വാസികളോട് ചെയ്തത് അങ്ങനെ തന്നെയായിരുന്നു. അതുകൊണ്ട് തതുല്യമായ പ്രതികാരം എന്ന നിലക്കാണ് അത് ചെയ്തത്.

നിങ്ങളെ പ്രയാസത്തിൽ ആകുന്നവർക്കെതിരിൽ അവർ നിങ്ങളോട് ചെയ്തതുപോലെ തന്നെ

നിങ്ങളും അവർക്കു ശിക്ഷ നൽകുകയെന്നാണ് അല്ലാഹു വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുള്ളത്. കലാപകാരികൾ മുസ്‌ലിംകളെ കത്തിക്കുകയും ക്രൂരമായ രീതിയിൽ വധിക്കുകയും ചെയ്ത കുറ്റവാളികളായിരുന്നു. അതുകൊണ്ട് ഹദ്‌റത് അബൂബക്കർ സിദ്ധീഖ്[റ] അതിൽ ഭാഗഭാക്കായവരെ അതേ രീതിയിൽ വധിക്കാനും മുസ്‌ലിംകളോട് അനുവർത്തിച്ച രീതിയിൽ തന്നെ അവരോട് പെരുമാറാനും കൽപിച്ചു.

ഈ അനുസ്മരണം ഇൻശാഹ് അല്ലാഹ് ഇനിയും തുടരുന്നതാണ്. റമദാനിൽ ഇടക്ക് മറ്റു (വിഷയങ്ങളിലും) ഖുത്ബകൾ വരുന്നതിനാൽ സമയം പിടിക്കുന്നതാണ്. ഏതായിരുന്നാലും ഇനി വരുന്ന ഖുത്ബകളിലും ഇത് സംബന്ധിച്ചുള്ള വിശദീകരണം ഉണ്ടായിരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 15.04.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**